പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6718 | 01.11.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സി. യിൽ വികലാംഗർക്ക് യാത്രാസൗജന്യം

ചോദ്യം | ഉത്തരം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. എം. എ. വാഹീദ്
ശ്രീ. വി. റ്റി. ബൽറാം

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ വികലാംഗർക്ക് യാത്രാ സൗജന്യം നൽകുന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) | നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം 50%-മോ അതിലധികമോ അസ്ഥി സംബന്ധമായ വൈകല്യമുള്ളവരും പതിനയ്യായിരം രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവരുമായ വികലാംഗർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രാ സൗജന്യം അനുവദിച്ചുവരുന്നു. സിറ്റി, ഓർഡിനറി, സിറ്റി ഫാസ്റ്റ്, ഫാസ്റ്റ് എന്നീതരം ബസ്സുകളിൽ ദൂരപരിധിയില്ലാതെ യാത്രാ കൂലിയിൽ 70% നിരക്ക് ഇളവ് അനുവദിക്കുന്ന യാത്രാപാസ്സുകൾ അനുവദിച്ചുവരുന്നു. |
| (ബി) | സാമൂഹ്യക്ഷേമ വകുപ്പിന്റെ 06.12.2003-ലെ ജി.ഒ.(പി) നം. 71/2003/എസ്സ്.ഡബ്ല്യു.ഡി ഉത്തരവ് പ്രകാരം വികലാംഗർക്ക് നൽകുന്ന തിരിച്ചറിയൽ കാർഡ് കെ.എസ്.ആർ.ടി.സി. അംഗീകരിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) യും (സി) യും | കെ.എസ്.ആർ.ടി.സി. അംഗീകരിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവ് കെ.എസ്.ആർ.ടി.സി. അംഗീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; | | |

| | | | |
|---|---|---|---|
| (ഡി) | കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം നൽകുന്ന പ്രസ്തുത തിരിച്ചറിയൽ കാർഡ് കെ.എസ്.ആർ.ടി.സി. അംഗീകരിക്കാത്തത് വികലാംഗർക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | അംഗീകരിച്ചിട്ടുണ്ട്. വികലാംഗർക്കുള്ള യാത്രാപാസ്സ് അനുവദിക്കുന്നതിനായി വൈകല്യത്തിന്റെ തോത്, വരുമാനം എന്നിവയുടെ ആധികാരിക രേഖയായി സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും നൽകുന്ന തിരിച്ചറിയൽ കാർഡ് കെ.എസ്.ആർ.ടി.സി. അംഗീകരിച്ച് വരുന്നുണ്ട്. |
| (ഇ) | മെഡിക്കൽ ബോർഡിന്റെ പരിശോധനയ്ക്കുശേഷം വികലാംഗർക്കുള്ള സംസ്ഥാന കമ്മീഷണർ നൽകുന്ന തിരിച്ചറിയൽ കാർഡ് കെ.എസ്.ആർ.ടി.സി. അംഗീകരിച്ച് വികലാംഗർക്ക് യാത്രാ സൗജന്യം നൽകുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | വികലാംഗർക്കുള്ള യാത്രാപാസ്സ് അനുവദിക്കുന്നതിനായി വൈകല്യത്തിന്റെ തോത്, വരുമാനം എന്നിവയുടെ ആധികാരിക രേഖയായി സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും നൽകുന്ന തിരിച്ചറിയൽ കാർഡ് കണക്കാക്കണമെന്ന് G.O(P) NO.71/2003/SWD dated 06.12.2003 പ്രകാരം നിർദ്ദേശിച്ചിരുന്നു. ഇക്കാരണത്താൽ പ്രസ്തുത തിരിച്ചറിയൽ കാർഡ് വികലാംഗർക്ക് യാത്രാസൗജന്യം അനുവദിക്കുന്ന യാത്രാപാസിനുള്ള അപേക്ഷയുടെ അനുബന്ധരേഖയായി പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ